# വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾക്ക് ഒരു ആഗോള പ്രകടനപത്രിക






By
The Association of Agricultural Research Institutions in the Near East and North Africa (AARINENA); The Asia-Pacific Association of Agricultural Research Institutions (APAARI; Crops For the Future (CFF); The Forum for Agricultural Research in Africa (FARA); The Global Forum for Agricultural Research and Innovation (GFAR); and The Alliance of Biodiversity International and CIAT




8TH JULY 2021

# പശ്ചാത്തലം:




വിസ്മരിക്കപ്പെട്ട ഭക്ഷ്യ വിഭവങ്ങൾക്ക് ഒരു മാനിഫെസ്റ്റോ ഉാവുന്നത് ആഫ്രിക്ക, ഏഷ്യാ-പസിഫിക്ക്, യൂറോപ്പ്, മധ്യപൗരസ്ത്യദേശങ്ങൾ തുടങ്ങിയ രാജ്യങ്ങളിൽ സംഘടിപ്പിച്ച നിരവധി കൂടിയാലോചനകളുടെ അനന്തരഫ ലമായാണ്. കാർഷികവൃത്തിയുടെ സമൂലമായ നവീകരണത്തിലൂടെ കർഷകരെ ശാക്തീകരിക്കാൻ GFAR കൂട്ടായ്മ നടത്തുന്ന പദ്ധതികളുടെ ഭാഗമാണിത്. പ്രാദേശിക ഗവേഷണ സ്ഥാപനങ്ങളും മറ്റ് അനുബന്ധ സംഘടനകളുമാണ് ദൗത്യത്തിന് നേതൃത്വം നൽകിയത് ഇതിനുപുറമെ AARINENA, APAARI, FARA തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങൾ മാനി ഫെസ്റ്റോക്ക് രൂപകൽപന നൽകുകയും CFF, CIAT, Alliance of Bio-diversity Institute തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങൾ പ്രകടനപത്രികയുടെ നിർമ്മാണത്തിൽ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് പ്രതിനിധികൾ പങ്കെടുക്കുകയും ഗവേഷണം, ഡാറ്റാ അനാലിസിസ്, പ്രബന്ധങ്ങൾ, സംവാദങ്ങൾ പര്യലോചകൾ എന്നിങ്ങനെ വിവിധതലങ്ങളിൽ സംഭാവനകൾ അർപ്പിച്ചു. തുടർന്ന് 3 പ്രാദേശിക മാനിഫെസ്റ്റോകൾ തയ്യാറായി. (അനക്സ് 2-ൽ പങ്കെടുത്തവരുടെ വിവരങ്ങളും അനക്സ് 3-ൽ സംഘടനകളുടെ വിവരവും ഉണ്ട്) പ്രതിനിധികളുടെ സമവായത്തോടെ സംക്ഷിപ്തമായ സിന്തറ്റിക്ക് പ്രമാണം തയ്യാറായി. കർഷകസംഘടനകൾ, പൗരസംഘടനകൾ, സാമൂഹികസംഘടനകൾ,



സ്ത്രീ-യുവജനസംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, വികസന സംഘടനകൾ, എക്സ്റ്റൻഷൻ ഏജൻസികൾ, സർക്കാർ ഏജൻസികൾ, സ്വകാര്യ മേഖലാസ്ഥാപനങ്ങൾ തുടങ്ങിയ വലിയൊരു കൂട്ടായ്മ ഇതിനുപുറകിലുണ്ട്. സംരംഭത്തിന്റെ സാധ്യതകളും, വ്യാപ്തിയും അഭൂതപൂർവ്വവും വിസ്മരിക്കപ്പെട്ട വിഭവങ്ങളുടെ പനരുല്പാദനത്തിനുള്ള നിർണ്ണായകമായ കാൽവയ്പുമാണ് പ്രകടനപത്രികയുടെ ഉള്ളടക്കം. അത് സമഗ്രവും ബഹുതലസ്പർശിയുമായിരിക്കുമ്പോൾ തന്നെ വ്യവസ്ഥാപിതവും ഐകബലവും ഗവേഷണപ്രധാനവും വികസനോന്മുഖവും ആണ്. കാർഷിക പരിവർത്തനത്തിലും നയരൂപീകരണത്തിലും അതിന് സ്വാധീനം ചെലുത്താനാവും വർത്ത മാനകാലത്തേക്കും, ഭാവിയിലേക്കുമുള്ള മാർഗ്ഗദർശിയായി അതിന് പ്രവർത്തിക്കാൻ സാധിക്കും. കാർഷിക മേഖലയുടെ സമൂലമായ അഴിച്ചുപണിയും മാറ്റവുമാണ് മാനിഫെസ്റ്റോയുടെ ശില്പികൾ ലക്ഷ്യമിടുന്നത്. അതിനുള്ള മാർഗ്ഗം കാർഷികവ്യവസ്ഥയുടെ നവീകരണവും ഗവേഷണാധിഷ്ഠിതമായ കർമ്മപദ്ധതികളുമാണ്. താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ അതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.


- ഗവേഷണത്തിന്റെ രീതിശാസ്ത്രത്തിലുള്ള മാറ്റം
- ഗവേഷണമാന ദണ്ഡ ങ്ങളുടെ നവീകരണം
- തൊഴിൽ വൈശിഷ്ട്യത്തെ മെച്ചപ്പെ ടുത്തുക.
- ഭരണം, വികസനന യം, ഗവേ ഷണം എന്നിവയെ മെച്ച പ്പെ ടുത്തുക.
- സ്ഥാപ ന ങ്ങളെ ഗുണോന്മുഖമായി പുനഃസംഘ ടിപ്പിക്കുക
- പാഠ്യപദ്ധതി, കർമ്മ പരിശീലനം എന്നിവയെ പരിഷ്ക്കരിക്കു ക.
- അടിസ്ഥാനപ രമായ മാറ്റങ്ങളിലൂടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുക.

ഇതിനായി പ്രകടനപത്രിക ലക്ഷ്യമിടുന്നത് ചെറുകിടഭൂവുടമകളായ കർഷകരെയാണ്. വിസ്തൃതമായി ഭക്ഷ്യവിഭവങ്ങളുടെ ഉല്പാദകരും, സൂക്ഷിപ്പുകാരുമായി ചെറുകിട കർഷകരെ മാറ്റിയെടുക്കുകയും അതിനുവേണ്ട വിജ്ഞാനസ്രോതസ്സുകളിൽ അവർക്ക് പരിശീലനം നൽകും. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളെ സംബന്ധിച്ചു അറിവും പ്രായോഗിക പരിജ്ഞാനവും വർധിപ്പിക്കും. മാറ്റങ്ങളുടെ ഓഹരിയുടമകളായി ചെറു കിട കർഷകരെ മാറ്റിയെടുക്കുക എന്നതാണ് പ്രകടനപത്രിക ലക്ഷ്യമിടുന്നത്. ഇതാവട്ടെ ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിരമായ വികസനം ഭക്ഷണത്തിനുള്ള അവകാശം ആരോഗ്യത്തിനുള്ള അവകാശം എന്നീ തത്വങ്ങൾക്കനു സൃതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഐക്യരാഷ്ട്രസഭയുടെ 2021-ലെ ഭക്ഷ്യവ്യവസ്ഥകളുടെ ഉച്ചകോടിയിലേക്ക് പ്രകടനപത്രികയുടെ ആശയങ്ങൾ വലിയ സംഭാവന നൽകുമെ ന്നതിന് സംശയമില്ല.



## വിസ്മൃതമായ ഭക്ഷ്യവിഭവങ്ങളുടെ ധർമ്മവും പ്രാധാന്യവും

വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളിൽ നിലവിലുള്ള കാർഷിക ഉല്പന്നങ്ങളും ഭാഗികമായ ഗാർഹികവൽക്കരിക്കപ്പെട്ട വിഭവങ്ങളും വനവിഭവങ്ങളും പരമ്പരാഗത കാർഷിക ഉല്പന്നങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്. പരമ്പരാഗത വിഭവങ്ങളിൽ 1000 വർഷത്തിലധികമായ ഉപയോഗത്തിലുള്ള ഭക്ഷ്യവിഭവങ്ങളും ഫൈബറും കാലി




ത്തീറ്റകളും എണ്ണയും ഔഷധസസ്യങ്ങളും ഉണ്ട്. എന്നാൽ അതിന്റെ മൂല്യം തിരിച്ചറിയാനാവാത്ത ഗവേഷകരും നയവിദഗ്ധരും വിപണികളും അത്തരം വിഭവങ്ങളെ അവഗണിച്ചു. സുസ്ഥിരമായ ആവാസവ്യവസ്ഥക്ക് അനുരൂപമാണ് ഈ വിഭവങ്ങൾ; അവ വിവിധോദ്ദേശകരവും ജൈവവൈവിധ്യം കൊണ്ട് സമ്പന്നവും പോഷകസമൃദ്ധവും ആണ് കൂടാതെ ഭക്ഷ്യസുരക്ഷ, ആരോഗ്യം, വരുമാനം എന്നിവയെ പോഷിപ്പിക്കുന്നുണ്ട്. ഈ വിഭവങ്ങളിലൂടെ തലമുറ കൈമാറിയ വംശപരവും സാംസ്കാരികവുമായ പൈതൃകസമ്പത്ത് സംരക്ഷിക്കപ്പെടുന്നു. മുഖ്യ ആഹാരങ്ങളെ വൈവിധ്യവൽക്കരിക്കാനും, ഭക്ഷ്യഉപഭോഗം സന്തുലിതമാക്കാനും വിസ്മരിക്കപ്പെട്ട വിഭവങ്ങൾ സഹായിക്കുന്നു. നാമമാത്രമായ പരിതസ്ഥിതികളിൽപോലും ഈ വിഭവങ്ങൾ ഉല്പാദിപ്പിക്കാൻ സാധിക്കും. കാലാവസ്ഥാവ്യതിയാന ത്തിന്റെ പശ്ചാത്തലത്തിൽ, കാർഷികോല്പന്നങ്ങളുടെ പ്രതിരോധശേഷികൂട്ടുവാനും വൈവിധ്യവൽക്കരണത്തിും അവ ഉത്തമമാണ്.ജനിതമായ സവിശേഷതകൾ കാരണം വിളവ് വർധിപ്പിക്കുവാനും സങ്കര ഇനങ്ങൾ വികസിപ്പിക്കുവാനും ഉള്ള സാധ്യത കൂടുതൽ ആണ്. തൊഴിൽ സാധ്യതകൾ വർധിക്കുമ്പോൾ ഗ്രാമീണ ജനതയുടെ ശാക്തീകരണം യാഥാർത്ഥ്യവൽക്കരിക്കാൻ സാധിക്കും. വനിതകളുടെയും യുവ ജനങ്ങളുടെയും സാമൂഹിക പുരോഗതിക്ക് അത് പങ്കുവഹിക്കുന്നു. സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവും സാമ്പത്തികവുമായ പുരോഗതിയുടെ അടിത്തറയാകാൻ വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾക്ക് സാധിക്കും. അതിനാൽ മൂല്യവർധിതമായ വ്യവസ്ഥയായി അതിന് മാറാൻ സാധിക്കും ഇങ്ങനെ യൊരു സമൂഹം രൂപം പ്രാപിക്കുമ്പോൾ അതിന് സ്ത്രീകളും യുവജനങ്ങളും തദ്ദേശീയ സമൂഹവും പങ്കാളികളായിത്തീരുന്നുവെന്നതാണ് സുപ്രധാന വസ്തുത. ചെറുകിട ഭൂവുടമാ കർഷ കർക്ക് സുസ്ഥിര വിഭവങ്ങളുടെ കാവൽക്കാരായി മാറുവാൻ സാധിക്കുക

എന്നത് വലിയൊരു ശാക്തീകരണമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ നമുക്കറിയാം ഈ കാർഷിക വിഭവങ്ങൾ പോഷകസമൃദ്ധമാണ് അത് കർഷക കുടുംബങ്ങൾക്ക് ഭക്ഷണം ഫൈബർ, ആരോഗ്യം,ഔഷധം എന്നിവ നൽകുന്നതോടൊപ്പം മിച്ചംവരുന്നവ പ്രാദേശികവിപണികളിൽ വിൽക്കുവാൻ സാധിക്കുന്നു. ഇത് നമ്മുടെ മണ്ണിൽ വളർന്ന ഭക്ഷ്യവിഭവങ്ങൾ ആണ്. പരിമിതമായ ശുശ്രൂഷയിൽ നാമമാത്രമായ വളക്കൂറിൽ വളർന്നവയാണവ. പ്രതികൂല സാഹചര്യങ്ങളെ പോലും അതിജീവിക്കുവാൻ അതിനുസാധിക്കും. ഈ പ്രാദേശിക വിഭവങ്ങൾ നാം മത-സാംസ്കാരിക ആഘോഷങ്ങളിൽ ഉപയോഗിക്കാറുണ്ട്. നമ്മുടെ സമൂഹം വിശേഷിച്ചും സ്ത്രീകൾ, വിഭവങ്ങളെ നൂറ്റാണ്ടുകളായി സംരക്ഷിച്ചു. പരമ്പരാഗത മാർഗ്ഗങ്ങൾ ഉപയോഗിച്ച് നമ്മൾ ഈ വിഭവങ്ങളെ ഉണ്ടാക്കുകയും ഉപഭോഗം നടത്തുകയും വില്പന നടത്തുകയും ചെയ്തു.

വിഭവസംരക്ഷണത്തിനായി നൂതന മാർഗ്ഗങ്ങൾ നാം സ്വീകരിക്കുകയും മെച്ചപ്പെട്ട പരിപാലന പ്രക്രിയകൾ വിപണികൾ എന്നിവയിലേക്ക് നാം മുന്നേറുകയുമാണ്. രാജ്യത്തിന്റെ കാർഷിക-ജൈവവൈവിധ്യത്തിനെ സംരക്ഷിക്കുവാൻ കർഷകകുടുംബങ്ങൾ തന്നെ മുന്നോട്ടുവരികയും അവർ പരിസ്ഥിതിയുടെ കാവൽക്കാരാവുകയും ചെയ്യുന്നു. നമ്മുടെ കർഷക സമൂഹം ജൈവസമ്പത്തിന്റെയും ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും അപരിമേയമായ കേദാരങ്ങളാണ്.

വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾ കൃഷിചെയ്യുന്ന കർഷകൻ സർക്കാരിന്റെ കാർഷിക വിപുലീകരണ പദ്ധതികളിൽ ഭാഗഭാക്കല്ല അവരുടെ അറിവ് അധ്യയനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ദേശീയമോ, അന്തർദേശീയമോ ആയ ജീവൻബാങ്കുകളിലൊന്നും തന്നെ അവരുടെ വിത്തിനങ്ങളോ തൈ ഇനങ്ങളോ കത്തൊൻ സാധിക്കുകയില്ല. പുതിയ മൂല്ല്യശൃംഗലകളെ വികസിപ്പിക്കുവാനോ വിപണനം നടത്തുവാനോ ഉള്ള ശ്രമങ്ങളുടെ അഭാവവും പ്രോത്സാഹനക്കുറവും കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടു്. പുതിയ പാചകചേരുവകളിൽ വിസ്മരിക്കപ്പെട്ട ഭക്ഷ ണങ്ങൾ സ്ഥാനം കണ്ടെത്തിയിട്ടില്ല. അങ്ങിനെയുള്ള ചേരുവകൾഉണ്ടാക്കുവാനുള്ള ശ്രമങ്ങളുമില്ല. പല രാജ്യങ്ങളിലും വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾ ഫ്രഷ് ഫുഡ് മാർക്കറ്റുകളിൽ ലഭ



്യമാണ്. എന്നാൽ സൂപ്പർമാർക്കറ്റുകളിൽ ലഭ്യമല്ല. വിത്തുകൾ വിതരണം നടത്തുന്ന സംവിധാനം ദുർബ്ബലമായതിനാൽ വിളകളുടെ ഉല്പാദന ക്ഷമത
വർധിക്കുന്നില്ല. കാർഷിക നയങ്ങളോ, അനുബന്ധ വ്യവസായനയങ്ങളോ വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളെ ഏതെങ്കിലും വിധത്തിൽ സഹായിക്കുന്നില്ലെന്ന് മാത്രമല്ല; അതിനെ പ്രതികൂലമായി ബാധിക്കുന്നുമുണ്ട്.

## സംയോജിത കർമ്മ പദ്ധതിയുടെ ആവശ്യകത

മേൽപ്രസ്താവിച്ച വെല്ലുവിളികളെ നേരിടാൻ, സംയോജിതമായ കർമ്മപദ്ധതികൾ ശക്തമായിമുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. പ്രാദേശിക-ദേശീയ-അന്തർദേശീയ തലങ്ങളിൽ നയങ്ങൾ, വികസനം, ഗവേഷണം ആധുനികവൽക്കരണം എന്നീ ഘടക ങ്ങളിൽ കൂട്ടായ യത്നം വഴി മാത്രമേ പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

- ഞങ്ങൾ മുന്നോട്ടുവക്കുന്ന ആവശ്യം വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ ബഹുമാന ്യതയും സ്വീകാര്യതയും വർദ്ധിപ്പുക്കുക എന്നാണ് അതിന് നിലവിലുള്ള ഭക്ഷ്യവ്യവസ്ഥ യിൽ സമഗ്രമായ അഴിച്ചു പണി നടത്തേണ്ടതുണ്ട്. പ്രതിരോധശേഷിയുള്ള വിളകളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട് ഒരു പുതിയ സുരക്ഷാ ഭക്ഷ്യവ്യവസ്ഥയുണ്ടാക്കി ആരോ ഗ്യകരമായ ഭക്ഷ്യശൈലികൾഉണ്ടാക്കി കോവിഡ് പോലെയുള്ള പ്രതിസന്ധികളിൽ സംഭവിക്കുന്ന ഭക്ഷ്യകമ്മിയെ നേരിടാൻ വിസ്മരിക്കപ്പെട്ട വിഭവങ്ങളെ വിനിയോഗി ക്കുക എന്നതാണ്. അതുപോലെ കാലാവസ്ഥാ വ്യതിയാനവും മരുഭൂമി വൽക്കരണവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കും വിസ്മരിക്കപ്പെട്ട ഭക്ഷ്യവസ്തുക്കൾ പരിഹാരമാണ്.
- ഞങ്ങൾ ആവശ്യപ്പെടുന്നത് ചെറുകിടഭൂവുടമകളെ ഒരു കർഷകസമൂഹമെന്നനില യിൽ അംഗീകരിക്കുകയും ആദരിക്കുകയും പിന്തുണക്കുകയും വേണ്ടതുണ്ട്. അവരാ ണ് വിസ്മരിക്കപ്പെട്ട ഭക്ഷ്യവ്യവസ്തയെ കാത്തുസൂക്ഷി ച്ചുവരും. ആ അറിവിനെ തലമുറകളിലൂടെ പകർന്നു കൊടുത്തവരും സംയോജിതമായ കർമ്മപദ്ധതികളിലൂടെ അവർക്ക് മാറ്റത്തിന്റെ വക്താക്കളായിമാറുവാൻ സാധിക്കും.
- വളരെ പ്രതിരോധശേഷിയുള്ളതും പ്രതികൂലസാഹചര്യങ്ങളിൽ വളരുന്നതുമായ വിസ്മരിക്കപ്പെട്ട വിഭവങ്ങൾക്ക് വേണ്ടി വികസന-ഗവേഷണ തലങ്ങളിൽ നിക്ഷേപങ്ങൾ നടത്തുവാൻ ഞങ്ങൾ ആവശ്യപ്പെടുന്നു.
- ഞങ്ങൾ ആവശ്യപ്പെടുന്ന മറ്റൊരു കാര്യം സാമ്പത്തിക പുരോഗതിക്കാവശ്യമായ നയ രൂപീകരണം നടത്തി സാമ്പത്തിക സഹായം നൽകി കർഷകരുടെ സംരംഭകത്വം പ്രേ ാത്സാഹിപ്പിക്കുക എന്നതാണ് അതിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനം യാഥാർത്ഥ്യവൽക്കരി ക്കാം.
- ലിംഗപരിവർത്തന സമീപനത്തെയും സമൂഹത്തിലെ ആൺപെൺസമത്വത്തെയ ും സ്ത്രീകളുടെ ചലനാത്മ കതയെയും പ്രോത്സാഹിപ്പിക്കുക എന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. സാംസ്കാരികവും സാമൂഹികവുമായ അസമത്വങ്ങളെ ഇല്ലാതാക്കും വിധം വിസ്മരിക്കപ്പെട്ട ഭക്ഷ്യ വിഭവങ്ങളെ കൈകാര്യം ചെയ്യാൻ സാധിക്കും.
- വ്യവസ്ഥാമാറ്റം എന്ന സമീപനത്തിലൂടെ കാർഷിക ഗവേഷണത്തിൽ അഴിച്ചു പണി നടത്താനും സുസ്ഥിരവികസനത്തിനാവശ്യമായ ഇടപെടലുകൾ നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു. ഇങ്ങിനെയുള്ള കൃത്യമായ ഇടപെടലുക ളിലൂടെ മാത്രമേ കർഷക സമൂഹത്തെ വികസനത്തിന്റെ കേന്ദ്ര ബിന്ദുവിൽ എത്തിക്കു വാനും ഗവേഷണം, ആധുനികവൽക്കരണം എന്നിവയുടെ ഭാഗമാക്കുവാനും അറിവും പ്രയോഗവും പരിഷ്ക്കരിക്കുവാനും സാധിക്കുകയുള്ളു. ഇത് കർഷകർക്കും ഉപഭോ ക്താക്കൾക്കും ഭൂമിക്കും ഒരു പോലെ പ്രയോജകരമാണ്.

## സത്വര കർമ്മ പദ്ധതികൾക്ക് എന്താണ് വേണ്ടത്

1. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ പുനരുദ്ധാനത്തിനു വേണ്ടി വിപുലമായ ബോധന പരിപാടികൾ സംഘടിപ്പിക്കുക ഇതിനായി സുശക്തമായ വിജ്ഞാനസംഹി തകൾ ഉണ്ടാക്കി വിസ്മരിക്കപ്പെട്ട വിഭവങ്ങളുടെ പോഷകഗുണങ്ങളും ആരോഗ്യപ രമായ മെച്ചങ്ങളും ഔഷധഗുണങ്ങളും പാരിസ്ഥിതികനേട്ടങ്ങളും സാംസ്കാരിക

നേട്ടങ്ങളും സമൂഹത്തിനെ എല്ലാവിഭാഗം ആളുകളിലും എത്തിക്കുക. വിജ്ഞാനവിനിമയങ്ങളും ആശയവിനിമയങ്ങളും കൊണ്ട് വിസ്മരിക്കപ്പെട്ട വിഭവങ്ങളെപ്പറ്റിയുള്ള മുൻവിധികൾ മാറ്റി ജനങ്ങളിൽ ക്രിയാത്മായ അവബോധം സൃഷ്ടിക്കാൻ സാധിക്കും.

2. വിസ്മരിക്കപ്പെട്ട വിഭവങ്ങളുടെ സമഗ്രമായ വസ്തുവിവരപട്ടിക, വിശദമായ സ്വഭാവ വിശേഷപട്ടിക ഇവയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ തയ്യാറാക്കുക. ലോകത്തിൽ ഏതെല്ലാം രാജ്യങ്ങളിൽ, മേഖലകളിൽ വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾ ഉണ്ട് എന്ന് കണ്ടെത്തി അവകളിൽ എന്തെല്ലാം സത്വരനടപടികൾ ആവശ്യമാണെന്ന് കണ്ടെത്തി കർഷകപങ്കാളിത്വത്തോടെ അഭിപ്രായസമന്വയത്തോടെ മുൻഗണനാക്രമത്തിൽ ഒരു കർമ്മ പദ്ധതി ഉണ്ടാക്കുക പുതിയ അളവുകളും സൂചികകളും ഉണ്ടാക്കി വിസ്മരിക്കപ്പെട്ട വിഭവങ്ങളുടെ പോഷകമൂല്യം ആരോഗ്യമൂല്യം, കാലാവസ്ഥാപ്രതിരോധശേഷി, ഔഷധമൂല്യം, സുസ്ഥിരജീവിതസാധ്യതകൾ, സാംസ്കാരികസമ്പത്ത് എന്നിവ നിർണ്ണയിക്കുക.

3. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ വൈജ്ഞാനികസത്വത്തും സാങ്കേതികജ്ഞാനവും പങ്കിടുന്നതിന് വേ ണ്ടി ദക്ഷിണ-ദക്ഷിണമേഖലയിലെയും ദക്ഷിണ- ഉത്തരമേഖലയിലെയും കർഷകരുടെ ഒരു വിനിമയ ശൃംഗലയും പൊതുവേദിയും ഉണ്ടാക്കുക എന്ന ആശയം മുന്നോട്ടുവെക്കുന്നു. വൈജ്ഞാനികമേഖല തമ്മിലുള്ള സമ്പർക്കം വിവിധ കർഷകസമൂഹങ്ങളുടെ സമ്പർക്കം, കർഷകസമൂഹങ്ങളും ശാസ്ത്രവിജ്ഞാനവും തമ്മിലുള്ള ഇടകലരൽ കർഷകരുടെ പരമ്പരാഗതരീതികളെ ജനറ്റിക്സ് ഡിജിറ്റെസേഷൻ, പോഷകശാസ്ത്രം തുടങ്ങിയ നവവിജ്ഞാനീയങ്ങളുമായി സംയോജിപ്പിക്കൽ എന്നിങ്ങനെയുള്ള ഉദ്യമങ്ങളിലൂടെ രൂപീകരണം പ്രായോഗികവൽക്കരിക്കണം. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളെ ശാസ്ത്രതെളിവുകളോടെ പ്രോത്സാഹിക്കാൻ ഈ സമീപനം സഹായിക്കും.

4. എല്ലാം ഓഹരിയുടമകളുടെയും പ്രാപ്തി വികസിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്തുകൊണ്ട് ഗവേഷണം, നവീകരണം എന്നിവയെ സാമൂഹികമായി വികസിപ്പിക്കണം അതിലൂടെ പുതിയ അറിവ് സൃഷ്ടിക്കണം സാങ്കേതികവും സംഘടനാപരവുമായ പ്രാപ്തി കൂട്ടുകയും ഓഹരിയുട മകളുടെ കമ്പ്യൂട്ടർ നൈപുണ്യം വകസിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിതശൃംഗല സ്ഥാപിക്കാൻ ലക്ഷ്യമിടണം.

## ഇടക്കാല-ദീർഘകാല കർമ്മപദ്ധതികൾ

5. കൃഷിക്കാർ, അവരുടെ സംഘടനകൾ എന്നിവരുമായി സഹകരിച്ചുകൊണ്ട് വിത്തിനങ്ങൾ ഞാറ് എന്നിവ ഉല്പാദിപ്പിക്കുകയും കൃഷി, ഭക്ഷ്യസംസ്ക്കരണം, പാക്കിങ്ങ്, വിപണനം എന്നിവ പുന:സംഘടിപ്പിക്കുകയും ചെയ്തുകൊണ്ട് വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ വികസനവും, ഉപഭോഗവും കൂട്ടണം. ഈ വിഭവങ്ങളുടെ കൃഷിയിടങ്ങളിലും വിപണിയിലും പരീക്ഷണങ്ങൾ സംഘടിപ്പിക്കുകയും പങ്കാളിത്തപൂർവ്വം ഗവേഷണങ്ങൾ സ്ഥാപിക്കു കയും ലിംഗ സമത്വം യഥാർത്ഥ വൽക്കരിക്കുകയും വേണ്ടതുണ്ട്. അതിനായി ചെറുകിട ഭൂവുടമകളെയും അവരുടെ സംഘടനകളെയും പ്രോത്സാഹിപ്പിക്കുക.

6. ചെറിയ വിതരണശൃംഖലകൾ സ്ഥാപിച്ചു കൊണ്ട് വിപണിയിലേക്കുള്ള വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ വാതിലുകൾ വിശാലമാക്കുക. ഇപ്രകാരം ഈ വിഭവങ്ങളുടെ ഉപഭോഗക്കളെ വർധിപ്പിക്കുകയും ഒരു ഹരിത-ചാക്രിക സമ്പദ്ഘടനയിലേക്കുള്ള മാറ്റത്തിന് തുടക്കമിടുകയും വേണം. ഇത് പ്രാദേശിക കാർഷിക സമൂഹത്തെ പുഷ്ടിപ്പെടുത്തുകയും അതിന്റെ ഉപഭോക്താക്കൾആക്കുകയും ചെയ്യും. പ്രാദേശിക സമൂഹത്തിന് ലഭ്യമാകുന്നതും തികയുന്നതും താങ്ങാവുന്നതും ആയ സമ്പദ്ഘടനയാണുള്ളത് ഇത് ആഭ്യന്തര-രാഷ്ട്രാന്തരീയ വിപണിയിലേക്കും വ്യാപിക്കും.

7. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ സംരക്ഷണത്തിനായി, തദ്ദേശീയ ഇനങ്ങളുടെ വിത്തുകളും ചെടികളും സൂക്ഷിക്കുവാൻ സീഡ് ബാങ്കുകൾ സ്ഥാപിക്കു കയും, സാമൂഹിക സീഡ് ബാങ്കുകൾ സ്ഥാപിക്കുകയും, ബൊട്ടാണിക്കൽ ഉദ്യാനങ്ങളും മറ്റും തുടങ്ങുകയും ചെയ്തു. കൃഷിക്കാർക്ക് വിത്തുകളുടെയും ചെടികളുടെയും ലഭ്യത ഉറപ്പാക്കണം; അതുപോലെ ഇതു ഗവേഷകർക്കും പ്രയോജനകരമാണ്. ആവശ്യാനുസരണം വിലക്കുറവിൽ വിത്തുകളും ചെടികളും അനായാസമായി കൃഷിക്കാർക്ക് ലഭ്യമാക്കണം.
8. ശുപാർശയിലൂടെയും തെളിവുകളുടെ അടിസ്ഥാനത്തിലുള്ള നയമാറ്റത്തിലൂടെയും വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന ചെറുകിട കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി, സുസ്ഥിരവികസനം യാഥാർത്ഥ്യവൽക്കരിക്കുക. ആരോഗ്യകരമായ ഭക്ഷണരീതി ഇതിനുവേണ്ടി പ്രോത്സാഹിപ്പിക്കണം; കൃഷി വിഭവങ്ങളുടെ വൈവിധ്യ വൽക്കണം നടപ്പിലാക്കുകയും അതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിതശൃംഖല ഉണ്ടാക്കുക. പുറത്തുനിന്നുള്ള വിത്തുകളുടെയും പ്രാദേശിക വിത്തിനങ്ങളുടെയും സംരക്ഷണം നടപ്പിലാക്കുക. സ്വകാര്യമേ ഖല യുടെ നിക്ഷേപം വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾക്ക് ഉണ്ടാക്കുക. സ്കൂളുകൾ, ഹോസ്പിറ്റൽ, നഴ്സറികൾ എന്നിവിടങ്ങളിലെ അന്നദാനത്തിന്റെ വിസ്മരിക്കപ്പെട്ട ഭക്ഷ്യ വിഭവങ്ങൾക്ക് സ്ഥാനം നൽകുക. തദ്ദേശീയരായ കർഷകരുടെയും കർഷകസമൂഹങ്ങളുടെയും അവകാശസംരക്ഷണത്തിനുള്ള നയമാറ്റങ്ങളിലൂടെയാണ് വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളെ വികസിപ്പിക്കേണ്ടത്. ഇതിനുവേണ്ട ലെജിസ്ലേറ്റീവ് ഭേദഗതികൾ സർക്കാർ കൊണ്ടുവരണം. ചെറുകിട ഭൂവുടമകൾക്ക് വിത്തുകൾ വിൽക്കണം, വിഭവങ്ങളുടെ വൈവിധ്യവൽക്കണത്തിനും, സുസ്ഥിരമായ
കൃഷി നടപ്പിൽ വരുത്താനും സാധിക്കുവിധം നിയമമാറ്റങ്ങൾ കൊണ്ടുവരണം. സമത്വപൂർണ്ണമായ സമൂഹവും വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ വിപണിയും ഇതിന്റെ ഭാഗമായി വികസിപ്പിക്കണം.
9. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളെ സംബന്ധിച്ച അറിവും പ്രാദേശിക നൈപുണ്യവും പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനും സംരക്ഷിക്കുവാനും നിലനിർത്തുവാനും വേണ്ടി പ്രൈമറിതലം മുതൽ സർവ്വകലാശാല തലം വരെ അതിനെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
10. വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ നവീകരണത്തിനുള്ള പ്രാപ്തിയും സാങ്കേതികശേഷികൂട്ടുവാനും പ്രാദേശിക ദേശീയ താല്പര്യങ്ങൾക്കനുസരിച്ചും സുസ്ഥിരമായ നിക്ഷേപ സമാഹരണം നടത്തുക. വിശേഷിച്ചും വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങൾ കൂടുതലുള്ള രാജ്യങ്ങൾ അതുവികസിപ്പിക്കാൻ നിക്ഷേപം നടത്തുക.

## മുന്നോട്ടുള്ള പാത

വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളെക്കുറിച്ചുള്ള ആഗോളപ്രകടനപത്രിക ഉണ്ടാവുന്നത് 2020 നവംബറിൽ ആരംഭിച്ച് ദീർഘസപര്യയുടെ ഫലമായിരുന്നു. വിഭവസമാഹരണത്തിനും ഇതിനെ സംബന്ധിച്ച് ആശയങ്ങളുടെ സാക്ഷാത്ക്കരണത്തിനും വേണ്ടി പ്രകടനപത്രികയെ ഉപയോഗിക്കും. ഇതിനെ സംബന്ധിച്ച് അസന്ദിഗ്ദ്ധമായ ഭാവിചിത്രം താഴെക്കൊടുക്കുന്നു:

- അലിയൻസ് ഓഫ് ബയോഡൈവേഴ്സിറ്റിയും; CIAT യും ചേർന്ന് സംഘടിപ്പിക്കുന്ന, വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ ഔപചാരികവൽക്കരണം എന്ന പരിപാടിയുടെ സഹചാരികളായി GFAR, CFF എന്നി വരും പ്രാദേശികശൃംഖലകളായ സംഘടനകളും (AARINENA, APAARI, FARA), അവരുടെ പങ്കാളികളും പങ്കെടുത്തും. ജൂലൈ 2021-ലേക്ക് ഈ ദൗത്യത്തെ വിഭാ വനം ചെയ്തിട്ടുണ്ട്.
- വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ പ്രായോഗികസമൂഹം അതിന്റെ ആദ്യത്തെ മീറ്റിങ്ങ് 2021 സെപ്തംബറിൽ നടത്താൻ നിശ്ചയിച്ചു. ഇതിലൂടെ ആഗോള കർമ്മ പദ്ധ

തിക്ക് തുടക്കമിടുകയും മേഖല, ദേശീയതലങ്ങളിലേക്ക് അതിനെ വ്യാപിപ്പിക്കുകയും, സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്യും.

- 2021 ഒക്ടോബറിൽ തിരഞ്ഞെടുത്ത ദായകരുടെ ഒരു മീറ്റിങ്ങിലൂടെ വിസ്മരിക്കപ്പെട്ട ഭക്ഷ്യവിഭവങ്ങളുടെ പ്രായോഗിക സമൂഹം പ്രയോഗം, ആസൂത്രണം, കർമ്മം എന്നിവയെ അവതരിപ്പിക്കും. ഇത് ചിലപ്പോൾ രണ്ടാം രാഷ്ട്രാന്തരീയ കാർഷിക ഉല്പന്ന വൈവിധ്യസമ്മേ ളനത്തിൽ നവംബറിലാവാനുള്ള സാധ്യതയും ഉണ്ട്.
- മേൽപ്പറഞ്ഞ പരിപാടികളുടെ പൂർത്തീകരണത്തിനുവേണ്ടി പങ്കെടുക്കുന്ന സംഘടനകൾ ഒരു വിനിമയ പദ്ധതി ആവിഷ്ക്കരിക്കും. പ്രസ്തുത സംഘടനകൾ പ്രകടനപത്രികയെ ആഗോളതലത്തിൽ, വിശാലമായ ഗവേഷണവും വികസനവും നടത്തുന്ന സാമൂഹികവുമായ പരിചയപ്പെടുത്തുകയും അതിലൂടെ FAD യുടെ ശാസ്ത്രദിനങ്ങളുമായ ബന്ധം സ്ഥാപിക്കുകയും UNFSS സംഭാഷണങ്ങളിലേക്ക് പ്രകടനപത്രികയുടെ ആശയങ്ങൾ എത്തിക്കുകയും ചെയ്യുന്നതാണ്.


# Acknowledgements

We acknowledge the invaluable contributions of the members of the three Regional Networks, AARINENA, APAARI and FARA, and their partners, which generated the core elements of this Global Manifesto through the work on their own regional Manifestos. We acknowledge the financial support for GFAR activities by the EC DeSIRA funding scheme.




# ANNEX 1. THE ROADMAP OF GLOBAL MANIFESTO DEVELOPMENT

**Zero draft Manifesto (November 2020)**

↓

Formation of a coalition: AARINENA, APAARI and other partners, Crops for the Future, GFAR,FARA, the Alliance of Bioversity International and CIAT

↓

Roadmap for next steps (longer term) (January 2021)

↓

Regional research/surveys, consultations, discussions(February-April 2021)

↓

Draft Regional Manifestos (March-April 2021)

↓

Regional webinars to discuss/revise the draft Regional Manifestos (March-May 2021)

↓

Final regional Manifestos, including Farmers' Manifesto (South Asia) (June 2021)

↓

Draft of Global Manifesto (June 2021)

↓

Webinar to discuss/revise the Global Manifesto (June 2021)

↓

**Final Global Manifesto (June 2021)**

# ANNEX 2. REGIONAL CONSULTATION ACTIVITIES

## AARINENA

Following the revision of GFAR zero draft manifesto on forgotten foods, a base line regional draft manifesto on forgotten foods was agreed upon to form the basis for the regional Webinar discussions and deliberations and subsequently, for the drafting of the regional manifesto/declaration on forgotten foods.

## Directly involved participants:

December 2020-January 2021: in the development of the base line regional draft manifesto on forgotten foods, AARINENA's Executive Committee members (12), including regional and international partners in the NENA region (3). February-March 2021: in the development of the concept note on forgotten foods that articulated the road map for the development of the regional manifesto on forgotten foods up to the plan of action. 22 March 2021: in the regional online meeting, 33 participants. 30 March 2021: in the consultation on the draft regional manifesto on forgotten foods, 24 participants from the Regional Plant Genetic Resources Network and six participants from the newly formed RegionalForgotten Foods Network. Total participants: 63.

## Indirectly involved participants:

Representatives of 27 national farmers' organizations. Representatives of AARINENA's five sub-regions representing 27 national research institutions. Representatives of more than 100 private and public universities.

## APAARI and partners

Developed and finalized a concept note on Forgotten Food in association with the Alliance of BioversityInternational and CIAT and inputs from partners/co-organizers (AFA, ICRISAT, MSSRF etc.). Regular electronic discussions (12 times) held with relevant partners on modalities of conducting a survey and then organize a regional consultation. Prepared a survey questionnaire about farmers' perceptions on forgotten foods with partner organizations, which was disseminated for use in their constituencies. Prepared a list of networks and conducted a survey with the networks of all the partners and/or organizedmeetings with the networks to get their feedback as per survey questionnaire. Contacted all APAARI members and partners for the survey and for participation in the webinar. Analyzed the survey results from all partners. Identified experts and developed a tentative program and brochure for webinar. Conducted the webinar online for which more than 500 registered and 247 actively engaged.Drafted Proceedings and Recommendations as outcomes of the webinar and survey. Prepared a regional draft manifesto with inputs from all the partners and with the support of the international partners. Prepared an Asia-Pacific Farmers' Declaration on Traditional and Indigenous Food Crops.

## FARA

A five-pronged methodology was used to develop the African manifesto and plan of action:

Working paper on the status of forgotten crops in Africa (desk review): developed as the first step to inform the African stakeholders. A consultant was engaged to run this assignment with strong support from the FARA cluster lead scientist.
Virtual stakeholders' consultation: the working paper (the tentative manifesto document) was shared with African stakeholders using the FARA Dgroup platform that has approximately 35,000 active stakeholders across Africa. The Dgroup discussion lasted for 10 days. The stakeholders' comments were synthesizedfor inclusion in the final manifesto.

Webinar to discuss the "Development of the African Manifesto and Plan of Action on Forgotten Foods," with almost 1,000 participants. Panelists included researchers, farmers, private sector actors, youth, women etc. Chat-box comments were collected. A poll was organized to solicit stakeholders' opinions on the pillars of the manifesto and other proposed key action(s) that should follow. The poll was used as stakeholders' validation instrument.

Manifesto harmonization: All comments were integrated in the draft manifesto to produce the final version. A small group of experts from the FARA secretariat worked with the consultant to develop the document.A peer review was conducted to finalize the document.

Community of practice: FARA will establish a community of practice to jointly develop the action plan based on the manifesto and craft an implementation strategy. The community of practice will have two layers: a core team of experts and a larger group of enthusiasts.